# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.4963 06.02.2014-ൽ മറുപടിയ്ക്ക്

## മുന്നോക്കജാതി ക്ഷേമ കോർപ്പറേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, ബാബു. എം. പാലിശ്ശേരി | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കേരള സംസ്ഥാന മുന്നോക്കജാതി ക്ഷേമ കോർപ്പറേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | കേരള സംസ്ഥാനത്തിലെ മുന്നോക്ക ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന്റെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനുമായി സാമ്പത്തികവും, വിദ്യാഭ്യാസപരവും, സാമൂഹികവുമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; | (ബി) | 25.04.2012-ലെ ജി.ഒ.(എം.എസ്) 84/12/പൊഭവ ഉത്തരവു പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിച്ചു തുടങ്ങിയതേയുള്ളൂ. ആയതിനാൽ കോർപ്പറേഷന്റെ പ്രവർത്തനം സമഗ്രമായി വിലയിരുത്താറായിട്ടില്ല. |
| (സി) | ഓരോ പദ്ധതിക്കായും കോർപ്പറേഷൻ നൽകിയ തുകയും അതു ചെലവഴിച്ചതിന്റെ വിശദാംശവും ലഭ്യമാക്കാമോ ; | (സി) | പദ്ധതികൾക്കായി കോർപ്പറേഷൻ നേരിട്ട് തുക നൽകാറില്ല. 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>സ്കോളർഷിപ്പ് - 3 കോടി രൂപ<br>പരിശീലനസഹായം സംഘടിപ്പിക്കുന്നതിന് - 1 കോടി രൂപ<br>ഡാറ്റാ ബാങ്ക് സർവ്വേ - 50 ലക്ഷം രൂപ<br>പ്രവർത്തന ചെലവ് - 50 ലക്ഷം രൂപ<br>മൂലധന സഹായം - 5 കോടി രൂപ<br>ഇതിൽ നാളിതുവരെയായി 4,31,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോർപ്പറേഷൻ ചെയർമാന്റെ ശമ്പളത്തിനും യാത്രാപ്പടിഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്കും ചെയർമാന്റെ ഓഫീസ് പ്രവർത്തനത്തിനായും നീക്കി വച്ചിരിക്കുന്ന തുകയെത്രയെന്നും ചെലവഴിച്ചതെത്രയെന്നും അറിയിക്കാമോ ? | (ഡി) | കോർപ്പറേഷനിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 2235-02-190-97 (NP) എന്ന ശീർഷകത്തിൽ നിന്നും 35 ലക്ഷം രൂപ വേതന ശീർഷകത്തിലും, 25 ലക്ഷം രൂപ വേതനേതര ചെലവുകൾക്കുമായി 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ കോർപ്പറേഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പള ചെലവുകൾക്കായി 5,68,144/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ